ചാലക്കുടിയിൽ കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ

188 (1152) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കെഎസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സെക്ഷൻ ഓഫീസുകൾ വിഭജിച്ചു പുതിയ സെക്ഷനുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉപഭോക്താക്കളുടെ എണ്ണം 25000-ൽ കൂടുതലും, വിസ്തൃതി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലും, പ്രത്യേക ഭൂപ്രകൃതിയുമുള്ള സെക്ഷനുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്. പുതുതായി 24 സെക്ഷൻ ഓഫീസുകൾ കൂടി അനുവദിക്കുമെന്ന് ബഹു. വൈദ്യുതി മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ചാലക്കുടി മണ്ഡലത്തിലെ പരിയാരം സെക്ഷൻ വിഭജനം പരിഗണിക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചുമത്തുന്ന വൈദ്യുതി താരിഫ്

189 (1153) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചുമത്തുന്ന വൈദ്യുതി താരിഫ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആനുകൂല്യം സ്വാശ്രയസ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്ന് റഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതുമൂലം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാത്ത മദ്രസ്സകളുൾപ്പെടെയുള്ള മതപാഠശാലകളും ഉയർന്ന നിരക്ക് നൽകേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ റഗുലേറ്ററി കമ്മീഷന് ഇത് പുനഃപരിശോധിക്കാൻ കത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ്/എയ്ഡഡ് പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ലോ ടെൻഷൻ വിഭാഗത്തിലെ) LTVI(A) താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവയുടെ നിരക്കുകൾ താഴെ പറയുന്ന രീതിയിലാണ്:

ഫിക്സഡ് ചാർജ്ജ് - 40 രൂപ/കിലോവാട്ട്/പ്രതിമാസം

എനർജി ചാർജ്ജ് (യൂണിറ്റിന്) 500 യൂണിറ്റ് വരെ - 3.85 രൂപ, 500 യൂണിറ്റിന് മുകളിൽ 5.20 രൂപ. ഹൈടെൻഷൻ വിഭാഗത്തിൽ ടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എച്ച്.ടി. II (നോൺ ഇൻഡസ്ട്രിയൽ, നോൺ കൊമേഴ്സ്യൽ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്).

ഇവയുടെ നിരക്കുകൾ താഴെ പറയുന്ന രീതിയിലാണ്:

ഡിമാന്റ് ചാർജ്ജ്/കെ.വി.എ./പ്രതിമാസം - 300 രൂപ

എനർജി (യൂണിറ്റിന്) 3.00 രൂപ.

(ബി) 1-12-2007 മുതൽ നിലവിൽ വന്ന താരിഫ് പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എൽ.ടി-യിലും എച്ച്.ടി.-യിലും കൊമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തി. ഈ ഉത്തരവ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളായി അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളൊഴികെ മറ്റൊരു സ്ഥാപനങ്ങളും വിശേഷിച്ച് മദ്രസ്സകൾ, മതപഠന സ്ഥാപനങ്ങൾ, മൊണാസ്ട്രികൾ, ആശ്രമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെ സ്വാശ്രയ സ്ഥാപനങ്ങളായി മാറ്റിക്കൊണ്ടുള്ള ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിരക്ക് ബാധകമല്ല. എന്നാൽ മദ്രസ്സകൾ വിദ്യാഭ്യാസ സ്ഥാപനമായതിനാലും സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും എൽ.ടി. 7 എ താരിഫിൽപ്പെടുത്തി ബില്ല് ചെയ്യുന്നതിനായി ശുപാർശയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നില്ല എന്ന റഗുലേറ്ററി കമ്മീഷന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം റഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം തേടി യുക്തമായ നടപടി കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരാധനാലയങ്ങൾക്ക് വൈദ്യുതി സബ്സിഡി

190 (1184) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആരാധനാലയങ്ങൾക്ക് വൈദ്യുതി സബ്സിഡി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ആരാധനാലയങ്ങൾ 2010-ൽ ഉപയോഗിച്ച വൈദ്യുതിയും, ഇതിന്റെ സബ്സിഡി നിരക്കും, പിരിച്ചെടുത്ത തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly